വിവിധ സാമൂഹ്യക്ഷേമ പെൻഷനുകൾ

147 [1326] *ശ്രീ. വി. കെ. ചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ സാമൂഹ്യക്ഷേമ പെൻഷനുകൾ എത്ര മാസം വീതം കുടിശ്ശിക ഉണ്ട് എന്ന് തരം തിരിച്ച് വ്യക്തമാക്കുമോ;

(ബി) കുടിശ്ശിക പെൻഷൻ അടിയന്തിരമായി വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) & (ബി) വിവരം ശേഖരിച്ചുവരുന്നു.

താൽക്കാലിക ജീവനക്കാരായി ജോലി നോക്കിയിരുന്ന വികലാംഗരെ സ്ഥിരപ്പെടുത്തുവാൻ നടപടി

148 [1327] *ശ്രീ. ടി. പി. രാമകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സർവ്വീസിൽ താൽക്കാലിക ജീവനക്കാരായി ജോലി നോക്കിയിരുന്ന വികലാംഗരിൽ എത്ര പേരെ സ്ഥിരപ്പെടുത്തുവാനാണ് സർക്കാർ തീരുമാനിച്ചത് എന്ന് വ്യക്തമാക്കാമോ;

(ബി) ഇവരിൽ എത്ര പേർ ജോലിയിൽ പ്രവേശിച്ചുവെന്ന് അറിയിക്കാമോ;

(സി) ബാക്കിയുള്ളവർ ജോലിയിൽ പ്രവേശിക്കാതിരിക്കാനുള്ള കാരണം വ്യക്തമാക്കാമോ;

(ഡി) ജോലിയിൽ പ്രവേശിക്കുന്നതിന് ബന്ധപ്പെട്ട ഏതെങ്കിലും വകുപ്പുകളിൽ നിന്ന് തടസ്സങ്ങൾ ഉണ്ടായിട്ടുണ്ടോ എന്ന് വിശദമാക്കാമോ;

(ഇ) ഇനി എത്രപേരെ സ്ഥിരപ്പെടുത്താനുണ്ടെന്നും, ഇവരെ എപ്പോൾ സ്ഥിരപ്പെടുത്തുമെന്നും വ്യക്തമാക്കാമോ?

GPM. 2/567/2012—23

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ)—(സി) 15-8-1998 മുതൽ 15-8-1999 വരെയുള്ള കാലയളവിൽ 179 ദിവസം താൽക്കാലിക സർവ്വീസ് പൂർത്തിയാക്കിയ 507 വികലാംഗരായ ജീവനക്കാരുടെ സർവ്വീസ് റഗുലറൈസ് ചെയ്തു ഉത്തരവായിട്ടുണ്ട്. ഇവരിൽ എത്ര പേർ ജോലിയിൽ പ്രവേശിച്ചു എന്ന വിവരം ഇപ്പോൾ ലഭ്യമല്ല.

(ഡി) ഇല്ല.

(ഇ) 15-8-1998 മുതൽ 15-8-1999 വരെയുള്ള കാലയളവിൽ 179 ദിവസം താൽക്കാലിക സർവ്വീസ് നോക്കിയ വികലാംഗരെ സ്ഥിരപ്പെടുത്തുന്നതിലേക്കായി 536 സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിച്ചതിൽ 507 (449+2+56) പേരുടെ സർവ്വീസ് റഗുലറൈസ് ചെയ്ത് ഉത്തരവായിട്ടുണ്ട്.

സാമൂഹ്യക്ഷേമ ഡയറക്ടറുടെ സർക്കുലർ

149 [1328] *ശ്രീ. കെ. സി. ജോസഫ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 26-3-2005-ലെ എ1-40791/04 സർക്കുലർ പ്രകാരം ഐസിഡിഎസ്-ലെ അംഗൻവാടി വർക്കർമാരുടെ സെലക്ഷൻ ലിസ്റ്റിൽ പേരുള്ളവരും താൽക്കാലിക ഒഴിവുകളിൽ ജോലിയിൽ തുടർച്ചയായി തുടരുന്നവരുമായവരെ സ്ഥിരപ്പെടുത്താൻ നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) താൽക്കാലിക ഒഴിവുകളിൽ സ്ഥിരമായി നിയമനം നൽകാൻ പാടില്ലെന്നും 89 ദിവസം കഴിയുമ്പോൾ അപ്രകാരം ഉള്ളവരെ പിരിച്ചുവിടണമെന്നും സാമൂഹ്യക്ഷേമ വകുപ്പ് നേരത്തേ നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ ഈ നിർദ്ദേശപ്രകാരം തുടർച്ചയായി നിയമനം ലഭിക്കാതെ സെലക്ഷൻ ലിസ്റ്റിൽ പേര് ഉണ്ടെങ്കിലും പിരിച്ചുവിടലിന് വിധേയമായവർക്ക് 26-3-2005-ലെ സർക്കുലർപ്രകാരം ആനുകൂല്യം നിഷേധിക്കുവാൻ കാരണം എന്താണ്;

LIBRARY ARCHIVES Kerala Legislative Assembly